തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) സംസ്ഥാനത്ത് എംപ്ലോയർ—എംപ്ലോയീ റിലേഷൻഷിപ്പ് നിലനിൽക്കുന്ന എല്ലാ വിഭാഗം തൊഴിലാളികൾക്കും തൊഴിൽ നിയമം ബാധകമാണ്.

(ബി) തൊഴിൽ സുരക്ഷിതത്വം എല്ലാവിഭാഗം തൊഴിലാളികളും ആവശ്യപ്പെടാറുണ്ട്. കാലാകാലങ്ങളിൽ ഇതിനാവശ്യമായ നടപടിയും സ്വീകരിച്ചിട്ടുണ്ട്.

ബ്ലോക്ക് വികസന സമിതികൾ

* 458 [488] ശ്രീ. കെ. ജെ. ജോർജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബ്ലോക്ക് വികസന സമിതികൾ നിലവിലുണ്ടോ;

(ബി) എങ്കിൽ എന്നാണ് നിലവിൽ വന്നത് എന്ന് പറയാമോ;

(സി) ഇല്ലെങ്കിൽ എത്ര കാലമായി ഈ സമിതികൾ നിലവിലില്ല;

(ഡി) ഈ സമിതികൾ ഇല്ലാത്തതുകൊണ്ട് വികസന പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിട്ടുണ്ടോ?

ഗ്രാമവികസന വകുപ്പു മന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) ഇല്ല.

(ബി) ഉടിക്കുന്നില്ല.

(സി) 4—4—1983 മുതൽ നിലവിലില്ല.

(ഡി) ഇല്ല.

ഉംനാടൻ ജലഗതാഗത വികസന പദ്ധതി

* 459 [489] ശ്രീ. കെ. പി. എ. മജീദ്:

,, പി. കെ. കുഞ്ഞാലിക്കുട്ടി:

,, ഇ. ടി. മുഹമ്മദ് ബഷീർ:

,, പി. കെ. കെ. ബാവ:

,, പി. വി. മുഹമ്മദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉംനാടൻ ജലഗതാഗത വികസനത്തിനായി സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികൾ;

(സി) ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചു;

(ഡി) ഓരോ പദ്ധതികൾക്കുമുള്ള കേന്ദ്ര സഹായമെത്ര?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) ഉണ്ട്:

LIBRARY ARCHIVES Kerala Legislative Assembly

(ബി) (1) കൊച്ചിൻ—ഉദ്യോഗമണ്ഡൽ കനാലിന്റെ അഭിവൃദ്ധിപ്പെടുത്തൽ.

(2) ചമ്പക്കരകനാലിന്റെ (രണ്ടാംഘട്ടം) വികസനം.

(3) ഡഡ്ജേർസ് വാങ്ങുന്നതിനുള്ള പദ്ധതി.

(4) വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനം.

(5) വെസ്റ്റ് കോസ്റ്റ് കനാലിന്റെ കൊല്ലം—കൊച്ചി ഭാഗത്ത് ഹൈഡ്രോഗ്രാഫിക് സർവ്വേ.

(സി) കൊച്ചിൻ-ഉദ്യോഗമണ്ഡൽ കനാൽ (ചമ്പക്കര കനാലിന്റെ രണ്ടാംഘട്ടം) വികസനത്തിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഭാഗമായ കൊല്ലം—കൊച്ചി ഭാഗത്ത് ഹൈഡ്രോഗ്രാഫിക് സർവ്വേ നടത്തുന്നതിനും കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്.

(ഡി) ഓരോ പദ്ധതികൾക്കുമുള്ള കേന്ദ്ര സഹായം താഴെപറയും പ്രകാരമാണ്:

(1) കൊച്ചിൻ—ഉദ്യോഗമണ്ഡൽ കനാൽ 189.80 ലക്ഷം രൂപ എസ്റ്റിമേറ്റ് (50% കേന്ദ്ര സഹായം)

(2) ചമ്പക്കര കനാൽ രണ്ടാംഘട്ടം 155.25 ലക്ഷം രൂപ എസ്റ്റിമേറ്റ് (50% കേന്ദ്ര സഹായം)

(3) കൊല്ലം—കൊച്ചി ഭാഗത്തെ (വെസ്റ്റ് കോസ്റ്റ് കനാലിന്റെ) ഹൈഡ്രോഗ്രാഫിക് സർവ്വേ നടത്തുന്നതിലേയ്ക്കായി 19.80 ലക്ഷം രൂപയുടെ കേന്ദ്രാനുമതി ലഭിക്കുകയും അതിൽ 10 ലക്ഷം രൂപ ത്തുക അനുവദിച്ചുകിട്ടിയിട്ടുമുണ്ട്.

വിദേശമദ്യങ്ങൾ വാങ്ങുന്നതിനുള്ള ഫോർമുല

* 460 [490] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശമദ്യങ്ങൾ വാങ്ങിക്കുന്നതിനും വിൽക്കുന്നതിനും ബീവറേജസ് കോർപ്പറേഷൻ രൂപം കൊടുത്ത ഫോർമുല എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഫോർമുല ഗവൺമെന്റ് നിർദ്ദേശങ്ങൾക്കനുസൃതമാണോ;

(സി) ഈ ഫോർമുല പ്രകാരം സംസ്ഥാനത്ത് ഡിമാൻറുള്ള പല മദ്യങ്ങളും വിൽക്കാൻ സാദ്ധ്യമല്ലെന്ന് അറിയുന്നത് ശരിയാണോ?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) ഒരു മാസത്തെ ശരാശരി മദ്യവിൽപ്പനയുടെ രണ്ടര ഇരട്ടിയിൽ നിന്നും, ബാക്കിയുള്ള സ്റ്റോക്കും, ഓർഡർ കൊടുത്തിട്ട് എത്തിക്കാതിരുന്ന മദ്യവും കുറച്ചുകിട്ടുന്ന അത്രയും മദ്യത്തിനാണ്, ഒരു മാസം ഒരു കമ്പനിക്ക് ഓർഡർ കൊടുക്കുന്നത്.

വിലപനക്ക് പ്രത്യേകിച്ച് ഫോർമുല ഇല്ല. ലൈസൻസികളുടെ ആവശ്യമനുസരിച്ചാണ് വിലപറ.

LIBRARY ARCHIVES Kerala Legislative Assembly